പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2131 | 1.2.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ അത് ലറ്റിക് മീറ്റ്

ചോദ്യം | മറുപടി

ശ്രീ.പി.സി. ജോർജ്

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 2018 ജനുവരിയിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ സംസ്ഥാന അത് ലറ്റിക് മീറ്റ് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇതിലേയ്ക്കായി എന്തെങ്കിലും സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) വിദ്യാഭ്യാസ വകുപ്പിന്റെ കൂടി സഹായ സഹകരണത്തോടെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എല്ലാ വർഷവും സ്പോർട്സ് മത്സരങ്ങളും ഇതര പരിപാടികളും നടത്തുവാൻ മുൻകൈ എടുക്കുമോ? | (സി) വിവിധ തരം ഭിന്നശേഷിക്കാർക്ക് പങ്കെടുക്കാവുന്ന കായികമേളകൾ കേരളോത്സവം മാതൃകയിൽ നടത്തുന്നത് സംബന്ധിച്ച് 20.11.2017 നും 30.11.2017-നും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പ്, കായിക വകുപ്പ്, സാമൂഹികനീതി വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ വിവിധ തരം ഭിന്നശേഷിയുള്ള കുട്ടികൾക്കായി ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ജില്ലാതല കായികമേളകൾ നടത്തുന്നതിന് ഒരു പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് സ്പോർട്ട്സും യുവജനക്ഷേമവും വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ കൺവീനറും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി ചെയർമാനും ആയിരിക്കും. നിലവിൽ സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾക്കായി എല്ലാ വർഷവും കലാകായിക മത്സരങ്ങൾ സ്കൂൾ തലത്തിൽ തന്നെ നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ